**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ സർവേ പ്രവൃത്തികൾക്കും സോയിൽ ഇൻവെസ്റ്റിഗേഷനും വേണ്ടി 26.09.2023-ൽ 19.183 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സർവ്വേ പൂർത്തിയാക്കി അമൃത് ഒന്നാം ഘട്ടത്തിൽ 20 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതികൾക്ക് Detailed Engineering Report (DER) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് ആന്വൽ അക്ഷൻ പ്ലാനിന്റെ ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെടുത്തിയ 20 കോടി രൂപയുടെ പദ്ധതി അമൃതിന്റെ അടുത്ത സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി (SLTC), സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി (SHPSC) എന്നിവയ്ക്ക് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>20 കോടി രൂപയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ-<br><br>1) തേവരുപാറ ജംഗ്ഷനിൽ നിന്നും തേവരുപാറ ടാങ്കിലേയ്ക്ക് 200മീറ്റർ ദൂരത്തിൽ 300mm DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി<br><br>2) നിലവിലെ പഴയ ടാങ്ക് പൊളിച്ചുമാറ്റൽ<br><br>3) 10 ലക്ഷം ലിറ്റർ സംഭരണ ശേഷി ഉള്ള ഉന്നതതല ജലസംഭരണി<br><br>4) 30 കിലോമീറ്റർ ദൂരത്തിൽ വിതരണശൃംഖല<br><br>5) 3000 കുടിവെള്ളകണക്ഷനുകൾ<br><br>ഘട്ടം 3 ൽ ഉൾപ്പെടുത്തി Ministry of Housing & Urban Affairs (MoHUA)- ന്റെ അപെക്സ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കുന്നതിനായി 1000 പുതിയ കണക്ഷനുകൾ നല്കുന്നതിനുള്ള 11.67 കി.മീറ്റർ |

| | | | |
|---|---|---|---|
| | | | വിതരണ ശൃംഖലയുടെ 5 കോടി രൂപയുടെ പദ്ധതിയും 1500 പുതിയ കണക്ഷൻ, 24 കി മീറ്റർ വിതരണ ശൃംഖല എന്നിവ ഉൾപ്പെടുന്ന 10 കോടി രൂപയുടെ പദ്ധതികളും പരിശോധന ഘട്ടത്തിലാണ് |

സെക്ഷൻ ഓഫീസർ